"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com.

നമ്പർ ഡിബി2/8510/2014/സിഇ/തസ്വഭവ

തീയതി : 24.09.2014

# സർക്കുലർ

വിഷയം: തസ്വഭവ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നത്- സംബന്ധിച്ച്.

സൂചന: വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 03.09.2014- ലെ യോഗനടപടിക്കുറിപ്പ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡു പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. GIS Platform ൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുകയാണെങ്കിൽ ആയത് എല്ലാം ഒരുമിപ്പിച്ച് സംസ്ഥാനത്തിന്റെ ഒരു റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാവുന്നതാണ്. മരാമത്ത് പണികളുടെ നടത്തിപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാർഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളും പാലിക്കുന്നില്ല എന്നുള്ള റിപ്പോർട്ടിൻമേൽ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി ചർച്ച ചെയ്യുകയുണ്ടായി. 03.09.2014-ൽ കൂടിയ സമിതിയോഗം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി പി.എം.ജി.എസ്.വൈ റോഡുകളുടെ മാപ്പ് തയ്യാറാക്കുന്നതിന് അനുവർത്തിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്. ആയതിനാൽ മേൽ പറഞ്ഞ നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ടും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരവും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. ഇതിലേക്ക് എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപന എൻജിനീയറിംഗ് വിഭാഗം മേധാവികളും ടി കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്തേണ്ടതും, ആയതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കേണ്ടതുമാണ്. ഭാവിയിൽ പഞ്ചായത്തിന്റെ റോഡു ആസ്തികളുടെ പരിപാലനത്തിനും പുതുക്കലിനും എൻജിനീയർക്ക് ഇത് വളരെ സഹായകരമായിരിക്കും.

ചീഫ് എൻജിനീയർ